# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5632 | 18.11.2019 - ൽ മറുപടിക്ക്

## ആരോഗ്യ വകുപ്പിലെ ഒഴിവുകൾ നികത്താൻ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി.കൃഷ്ണൻ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) |

(എ) ആരോഗ്യ വകുപ്പിൽ ഹെൽത്ത് ഇൻസ്പെക്ടർ, ഹെൽത്ത് സൂപ്പർവൈസർ , ഡിസ്ട്രിക് മലേറിയ ഓഫീസർ, ഡിസ്ട്രിക് എജ്യുക്കേഷൻ ആന്റ് മീഡിയ ഓഫീസർ, ഡെപ്യൂട്ടി ജില്ലാ മീഡിയ ഓഫീസർ, ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II, ഗ്രേഡ് I എന്നീ തസ്തികകളിൽ ഓരോന്നിലും എത്ര ഒഴിവുകൾ നിലവിലുണ്ട്; വ്യക്തമാക്കുമോ;

(എ)

| തസ്തിക | ഒഴിവുകൾ |
|---|---|
| ഹെൽത്ത് ഇൻസ്പെക്ടർ | 12 |
| ഹെൽത്ത് സൂപ്പർവൈസർ | 9 |
| ഡിസ്ട്രിക് മലേറിയ ഓഫീസർ | 1 |
| ഡിസ്ട്രിക് എജ്യുക്കേഷൻ ആന്റ് മീഡിയ ഓഫീസർ | 9 |
| ഡെപ്യൂട്ടി ജില്ലാ മീഡിയ ഓഫീസർ | - |
| ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II | 14 |
| ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I | 3 |

(ബി) ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

(ബി) ഹെൽത്ത് ഇൻസ്പെക്ടർ, ഹെൽത്ത് സൂപ്പർവൈസർ, ഡിസ്ട്രിക് മലേറിയ ഓഫീസർ എന്നീ തസ്തികകളിലെ ഒഴിവുകൾ സ്ഥാനക്കയറ്റം മുഖാന്തിരം നികത്തുന്നതാണ്. ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I, ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II എന്നീ തസ്തികകളുടെ വിശേഷാൽ ചട്ടമായ സ.ഉ.(അച്ചടി) നം.75/17/ആ.കു.വ., തീയതി. 12-12-2017 പ്രകാരം ടി വിഭാഗത്തിലേക്ക് സ്ഥാനക്കയറ്റത്തിന് പാരാ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ ആവശ്യമാണ്. എന്നാൽ, നിലവിൽ 20 വർഷത്തിൽ കൂടുതൽ സർവ്വീസ് പൂർത്തീകരിച്ച ജീവനക്കാർക്ക് ആർക്കും തന്നെ ടി രജിസ്ട്രേഷൻ സർട്ടിഫിക്കേറ്റ് ഇല്ലാത്തതിനാൽ ടി വിഭാഗത്തിലേക്കുള്ള സ്ഥാനക്കയറ്റങ്ങൾ

നടത്തുവാൻ സാധിക്കുന്നില്ല. ഈ സാഹചര്യത്തിൽ, നിലവിലെ ജീവനക്കാരെ ടി വ്യവസ്ഥയിൽ നിന്ന് ഒഴിവാക്കി വിശേഷാൽ ചട്ടം ഭേദഗതി വരുത്തുന്ന വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്. കൂടാതെ, ടി വിശേഷാൽ ചട്ടത്തിൽ ഭേദഗതി വരുന്നതു വരെ പ്രസ്തുത തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റങ്ങൾ താൽക്കാലികമായി നടത്തുന്ന വിഷയവും സർക്കാരിന്റെ പരിഗണനയിലാണ്.

ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ ആൻഡ് മീഡിയ ഓഫീസർ തസ്തികയിലെ ഒഴിവ് പ്രൊമോഷൻ വഴിയാണ് നികത്തുന്നത്. ഇതിന്റെ നിയമന അധികാരി സർക്കാർ ആണ്. പ്രസ്തുത തസ്തികയിലെ പ്രൊമോഷൻ സംബന്ധിച്ച വിഷയത്തിന്മേൽ കോടതി സ്റ്റേ നിലനിന്നിരുന്നു. എന്നാൽ, ഇപ്പോൾ നിലനിൽക്കുന്ന ഒഴിവുകളിൽ 8 ഒഴിവിലേക്ക് പ്രൊമോഷൻ നടത്തുവാനായി കോടതി സ്റ്റേ വെക്കേറ്റ് ചെയ്തിട്ടുണ്ട്. തുടർന്ന്, സ്ഥാനക്കയറ്റം നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

Milan

സെക്ഷൻ ഓഫീസർ